വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. V. VIGNESHWARI. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐ.സി.ഡി.എസ്- SNA SPARSH- അങ്കണവാടി സർവീസസ് (ജനറൽ ) – KL247- അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം 2026 മാർച്ച് ( 2026 ഏപ്രിൽ മാസം ചെലവഴിക്കുന്നത് ) കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും അനുവദിച്ചുത്തരവാകുന്നു.

പരാമർശം: 1. കേന്ദ്ര സർക്കാരിന്റെ 14/10/2025 ലെ CDII/21/02/2025CD-II നമ്പർ കത്ത്

2. കേന്ദ്ര സർക്കാരിന്റെ 10.04.2026 ലെ CD-II-14/6/2026-CD-II നമ്പർ കത്ത്

<u>ഉത്തരവ് നം: DWCD/361/2026-ICDSB6 തീയതി: 14-04-2026</u>

വനിത ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതി,സക്ഷം അങ്കണവാടി & പോഷൺ അഭിയാൻ 2.0 അംബ്രല്ല പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ SNA SPARSH മൊഡ്യൂൾ മുഖേന നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2025-2026 സാമ്പത്തിക വർഷം മുതൽ സക്ഷം അങ്കണവാടി & പോഷൺ അഭിയാൻ 2.0 അംബ്രല്ല പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) KL 247 പദ്ധതിക്കായി RBI-ൽ അക്കൗണ്ട് (Account No.01585701218) ആരംഭിച്ച് SNA SPARSH Module-ൽ പദ്ധതി Map ചെയ്തിട്ടുണ്ട്.

2026-2027 സാമ്പത്തിക വർഷം അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്ര റിലീസ് ആയി 1790 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ടോക്കൺ മദർ സാങ്ഷൻ പരാമർശം (2) പ്രകാരം ലഭ്യമായിട്ടുണ്ട്. 2026-2027 സാമ്പത്തിക വർഷം **2235-02-102-18-02 എന്ന ശീർഷകത്തിൽ 13800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.**

വകുപ്പിനു കീഴിൽ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന അങ്കണവാടികളിലെ പ്രവർത്തകർക്ക് 2026 മാർച്ച് മാസത്തെ ഹോണറേറിയം (2026 ഏപ്രിൽ മാസം ചെലവഴിക്കുന്നത്) ഇനത്തിൽ അനുവദിക്കുന്നതിന് 60% കേന്ദ്ര വിഹിതവും 40% ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് ആകെ 22,35,60,000/- രൂപ ആവശ്യമുണ്ട്. ആയത് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | വർക്കർ (Scheme Component[02.01] AWW[KL] | ഹെൽപ്പർ Scheme Component: [02.02] AWH[KL] | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 13774500 | 6887250 | 20661750 |
| 2 | കൊല്ലം | 2723 | 12253500 | 6126750 | 18380250 |
| 3 | പത്തനംതിട്ട | 1389 | 6250500 | 3125250 | 9375750 |
| 4 | ആലപ്പുഴ | 2150 | 9675000 | 4837500 | 14512500 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 5 | കോട്ടയം | 2050 | 9225000 | 4612500 | 13837500 |
| 6 | ഇടുക്കി | 1561 | 7024500 | 3512250 | 10536750 |
| 7 | എറണാകുളം | 2858 | 12861000 | 6430500 | 19291500 |
| 8 | തൃശ്ശൂർ | 3016 | 13572000 | 6786000 | 20358000 |
| 9 | പാലക്കാട് | 2838 | 12771000 | 6385500 | 19156500 |
| 10 | മലപ്പുറം | 3808 | 17136000 | 8568000 | 25704000 |
| 11 | വയനാട് | 876 | 3942000 | 1971000 | 5913000 |
| 12 | കോഴിക്കോട് | 2938 | 13221000 | 6610500 | 19831500 |
| 13 | കണ്ണൂർ | 2504 | 11268000 | 5634000 | 16902000 |
| 14 | കാസർഗോഡ് | 1348 | 6066000 | 3033000 | 9099000 |
| | **ആകെ** | **33120** | **149040000** | **74520000** | **223560000** |

മേൽ സാഹചര്യത്തിൽ, മേൽപ്പട്ടികയിൽ ചേർക്കും പ്രകാരം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ' 14 ജില്ലകളിലെ അങ്കണവാടി പ്രവർത്തകർക്ക് 2026 മാർച്ച് മാസത്തെ ഹോണറേറിയം (2026 ഏപ്രിൽ മാസം ചെലവഴിക്കുന്നത്) ഇനത്തിൽ വിതരണം ചെയ്യുന്നതിനായി ആകെ ആവശ്യമായ 22,35,60,000/-(ഇരുപത്തി രണ്ട് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിലെ ഒരു കംപോണന്റ് ആയ ഹോണറേറിയം SNA SPARSH Module മുഖേന അതാത് ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ചുത്തരവാകുന്നു.

ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, ICDS ഓഫീസുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി (Anganwadi Worker @ Rs.4500/-, Anganwadi Helper @ Rs. 2250/-) BAMS System മുഖേന, ശിശുവികസന പദ്ധതി ആഫീസർമാർ അങ്കണവാടി പ്രവർത്തകർക്ക് അനുവദനീയമായ ഹോണറേറിയം തുക അങ്കണവാടി വർക്കർ,ഹെൽപ്പർ മാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് SNA SPARSH Module മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഇതിലേക്ക് ആവശ്യമായ 22,35,60,000/-/-(ഇരുപത്തി രണ്ട് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി അറുപതിനായിരം) രൂപ മാത്രം നടപ്പ് സാമ്പത്തിക വർഷത്തെ **2235-02-102-18-02** ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.പ്രസ്തുത തുകയിൽ 13,41,36,000/- രൂപ കേന്ദ്രവിഹിതവും 8,94,24,000/- രൂപ സംസ്ഥാന വിഹിതവുമാണ്.

ഇത്തരത്തിൽ അനുവദിക്കുന്ന തുക അങ്കണവാടി വർക്കർക്ക് [02.01]AWW[KL] എന്ന കംപോണന്റ് മുഖേനയും അങ്കണവാടി ഹെൽപ്പർമാർക്ക് [02.02]AWH[KL] എന്ന കംപോണന്റ് മുഖേനയുമാണ് മാറി' നൽകുന്നത് എന്ന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

V. VIGNESHWARI. IASDIRECTOR
**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ
2. സൂപ്രണ്ട്, ICDS A SECTION
3 എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4 വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

Digitally signed by
Vigneshwari V
Date: 14-04-2026
11:52:46